Lalith Babu

# വിവരാവകാശ നിയമ പ്രകാരം SPIO നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയുടെ പേര് ചേർക്കേണ്ടതില്ല

"ഭരണഭാഷ മാതൃഭാഷ"

**കേരളസർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സി.ഡി.എൻ.5/67/19/പൊഭവ

തിരുവനന്തപുരം, തീയതി:18.05.2019.

## സർക്കുലർ

വിഷയം:- വിവരാവകാശ നിയമം 2005 – സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർമാർ നൽകുന്ന മറുപടിയിൽ-അപ്പീൽ അധികാരിയുടെ പേര് നിർദ്ദേശിക്കേണ്ടതില്ലെന്നത് - സംബന്ധിച്ച്.

സൂചന:- 24.04.2019-ലെ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 14226/G.8.Admin/2018/SIC നമ്പർ കത്ത്.

വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ ചില ഓഫീസുകളിൽ നിന്നും നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ പേര് പരാമർശിക്കുന്നുണ്ടെന്നും, എന്നാൽ പ്രസ്തുത അപ്പീലധികാരി മാറി പുതിയ അപ്പീൽ അധികാരി ചുമതലയേൽക്കുന്ന സന്ദർഭങ്ങളിൽ അപേക്ഷകർ മുൻ അപ്പീലധികാരിയുടെ പേരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പല ഓഫീസുകളിലും സ്വീകരിക്കാതിരിക്കുന്നതായി വിവരാവകാശ കമ്മീഷനിൽ പരാതികൾ ലഭ്യമാകുന്നുണ്ട്. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ പേര് പരാമർശിക്കേണ്ടതില്ലെന്ന് സംസ്ഥാനത്തെ എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകണമെന്ന് സൂചന പ്രകാരം വിവരാവകാശ കമ്മീഷൻ അഭ്യർത്ഥിച്ചിരുന്നു.

2) വിവരാവകാശ നിയമത്തിന്റെ പ്രയോജനം കൂടുതൽ സുതാര്യമായി പൊതുജനങ്ങളിലെത്തിക്കുന്നതിനായി കമ്മീഷന്റെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് ഉചിതമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടു. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നൽകുന്ന മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ പേര് ഒഴിവാക്കി സ്ഥാനപ്പേര്, വകുപ്പിന്റെ പേര്, കാര്യാലയത്തിന്റെ പേര്, ഫോൺ നമ്പർ എന്നിവ മാത്രം പരാമർശിച്ചാൽ മതിയെന്നും, ടി നിർദ്ദേശം കർശനമായി പാലിക്കണമെന്നും നിഷ്കർഷിക്കുന്നു.

എം.ജി.രഞ്ജിത് കുമാർ
അഡീഷണൽ സെക്രട്ടറി